പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1655 — 18.06.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മഴക്കാലക്കെടുതികൾ മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും സമാശ്വാസമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) | മഴക്കാല കെടുതികൾ മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും, കുടുംബങ്ങൾക്കും സമാശ്വാസമായി ഫിഷറീസ് വകുപ്പിന് പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കടലോര മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളായ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലും ഉൾനാടൻ മേഖലയിൽ പഞ്ഞ മാസങ്ങളായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും സമാശ്വാസം നൽകുന്നുണ്ട്. |
| (ബി) | തൊഴിൽ നഷ്ടപ്പെടുന്നതുമൂലം പട്ടിണിയാവുന്ന മത്സ്യത്തൊഴിലാളി മേഖലയിൽ സൗജന്യറേഷൻ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; | (ബി) | ട്രോളിംഗ് നിരോധന കാലയളവിൽ (2012 ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസം) തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും, ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. |
| (സി) | കടലാക്രമണം മൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (സി) | കടലാക്രമണം മൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് മുഖേന നടത്തിവരുന്നു. |
| (ഡി) | പ്രസ്തുത മേഖലയിൽ ദുരിതമനുഭവിക്കുന്നവർക്കായി ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതികൾക്ക് എന്ന് തുടക്കം കുറിക്കാനാകും? | (ഡി) | 25 മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി 50 കോടി രൂപയുടെ പുതിയ പദ്ധതി 2012-13 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ വർഷം തന്നെ തുടക്കം കുറിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ